(vii) Local Level Planning മായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനായി LSGD സെക്രട്ടറി ചെയർമാനായി കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(viii) ജൻഡർ സ്റ്റാറ്റിസ്റ്റിക്സിനെ സംബന്ധിച്ച് ഒരു സംസ്ഥാനതല വർക്ക് ഷോപ്പും അറവുശാലകളുടെ പ്രവർത്തനത്തെ സംബന്ധിച്ചുള്ള ഒരു സർവ്വെയും നടപ്പിലാക്കിയിട്ടുണ്ട്.

(ix) 13-ാം ധനകാര്യകമ്മീഷന്റെ ധനസഹായത്തോടെ ജില്ലകളുടെ ബിസിനസ്സ് രജിസ്റ്റർ തയ്യാറാക്കൽ, വകുപ്പിന്റെ നെറ്റ് വർക്കിംഗ് സിസ്റ്റം ശക്തിപ്പെടുത്തൽ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വാർഷിക ധനകാര്യ സ്റ്റേറ്റമെന്റ് ശേഖരിക്കൽ, NSS ഡേറ്റ പൂൾ ചെയ്യുന്നതിനുള്ള നടപടികൾ, ഫാം ആക്ടിവിറ്റിയിൽ ഉൾപ്പെടുത്തി കൃഷി ചെലവ് സർവ്വേ, ഹോർട്ടികൾച്ചർ സർവ്വേ, അപൂർവ്വ വിളകളെക്കുറിച്ചുള്ള സർവ്വേ എന്നീ പ്രവർത്തനങ്ങൾ പ്രസ്തുത കാലയളവിൽ നടത്തിയിട്ടുണ്ട്.

കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

46 (4081) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാം ; ആയത് നടപ്പാക്കിയിട്ടുള്ളത് ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ; ഓരോ പ്രവൃത്തിക്കും അനുവദിച്ച എ.എസ്. തുക എത്ര ; വർഷം തിരിച്ച് വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

വിവരങ്ങൾ ശേഖരിച്ചുവരുന്നു.

വിദ്യാഭ്യാസ വായ്പ

47 (4082) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിദ്യാഭ്യാസ വായ്പയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഐ.ബി.എ.പ്രകാരമുള്ള നിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* എന്നാൽ മാനേജ്മെന്റ് ക്വാട്ടയ്ക്ക് ഐ.ബി.ഐ. പ്രകാരമുള്ള മാനദണ്ഡമല്ല പകരം അതാത് ബാങ്കുകളുടെ സ്കീം അനുസരിച്ചാണ് വായ്പ നൽകുന്നത്.

നിർമ്മൽ ഭാരത് അഭിയാൻ, ഐ.എൽ.സി.എസ്. പദ്ധതികളുടെ പ്രവർത്തനം

48 (4083) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർമ്മൽ ഭാരത് അഭിയാൻ പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാർ 2011 മുതൽ 2015 വരെ ഓരോ വർഷവും സംസ്ഥാനത്തിന് എത്ര തുക അനുവദിച്ചു നൽകിയെന്നും ഓരോ വർഷവും എത്ര തുക പ്രസ്തുത ഫണ്ടിൽനിന്നും ചെലവാക്കിയെന്നും വ്യക്തമാക്കുമോ ;

(ബി) മറ്റൊരു കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.എൽ.സി.എസ്. പദ്ധതി നടത്തിപ്പിനായി 2011 മുതൽ 2015 വരെ ഓരോ വർഷവും എത്ര കേന്ദ്ര സഹായം ലഭിച്ചുവെന്നും ഏതെല്ലാം പ്രവൃത്തികൾക്കാണ് എന്നും ഓരോ വർഷവും എത്ര തുക ചെലവാക്കിയെന്നും വ്യക്തമാക്കുമോ ;

(സി) ഗ്രാമപ്രദേശത്തെ ഖര-ദ്രവ മാലിന്യ സംസ്കരണത്തിനായുള്ള കേന്ദ്ര പദ്ധതിയായ എൻ.ബി.എ. പദ്ധതിയുടെ ഭാഗമായി ലഭിച്ച സർക്കാർ സഹായത്തിൽ നിന്നും 2011 മുതൽ 2015 വരെ ഓരോ ജില്ലയിലും ഏതെല്ലാം പഞ്ചായത്തുകൾക്ക് എത്ര സഹായം സംസ്ഥാന സർക്കാർ ലഭ്യമാക്കി ; വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ഡി) 2011 മുതൽ 2015 വരെ ഓരോ വർഷവും അങ്കണവാടി ശുചിത്വ പരിപാലനം, ശിശു സൗഹൃദ ടോയ്ലറ്റ് നിർമ്മാണം, വിദ്യാലയ ശുചിത്വ പരിപാടി, വ്യക്തികൾക്ക് കക്കൂസ് നിർമ്മാണം തുടങ്ങിയവയ്ക്ക് എത്ര തുക കേന്ദ്ര സഹായം ലഭിച്ചുവെന്നും ഓരോ വർഷവും ഏതെല്ലാം പഞ്ചായത്തുകളിൽ എത്ര തുക വീതം ചെലവാക്കിയെന്നും വ്യക്തമാക്കുമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly